**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിലെ 9-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന 63-ാം നമ്പർ അംഗനവാടി കെട്ടിടവും 7 സെന്റ് സ്ഥലവും പുഷ്പഗിരി ചർച്ചിന്റെ പുതിയ കെട്ടിടവും 11 സെന്റ് സ്ഥലവും പരസ്പരം കൈമാറ്റം ചെയ്തുകൊണ്ട് ഏറ്റെടുക്കാൻ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.299/2020/ത.സ്വ .ഭ.വ തിരുവനന്തപുരം, തീയതി, 05.02.2020.

---

പരാമർശം - 1) പുഷ്പഗിരി അംഗനവാടി മോണിറ്ററിംഗ് & സപ്പോർട്ടിംഗ് കമ്മിറ്റി ചെയർപേഴ്സൻ ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച 12/02/2018 - ലെ അപേക്ഷ.

2) കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 17/03/2018 -ലെ ബി2-2091/18-ാം നമ്പർ കത്ത്.

3) കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01/03/2019, 24/07/2019, 27/07/2019, 24/12/2019 തീയതികളിലെ എ 2-3924/18-ാം നമ്പർ കത്തുകൾ.

**ഉത്തരവ്**

കോഴിക്കോട് കൂടരഞ്ഞി ഗ്രാമപഞ്ചായത്തിലെ 9-ാം വാർഡിൽ പുഷ്പഗിരി പ്രദേശത്ത് സ്ഥിതി ചെയ്യുന്ന 63-ാം നമ്പർ അംഗനവാടിയുടെ പഴയ കെട്ടിടവും 7 സെന്റ് സ്ഥലവും പുഷ്പഗിരി ലിറ്റിൽ ഫ്ലവർ ചർച്ചിന് വിട്ടു നൽകിക്കൊണ്ട് അംഗനവാടിക്കായി ലിറ്റിൽ ഫ്ലവർ ചർച്ച് നിർമ്മിച്ച പുതിയ കെട്ടിടവും 11 സെന്റ് സ്ഥലവും ഏറ്റെടുക്കാൻ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന് അനുമതി നല്കണമെന്ന് അംഗനവാടി മോണിറ്ററിംഗ് & സപ്പോർട്ടിംഗ് കമ്മിറ്റി ചെയർപേഴ്സൺ പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു.

2) നിലവിലുള്ള അംഗനവാടി കെട്ടിടം 35 വർഷത്തോളം പഴക്കമുള്ളതും ജീർണാവസ്ഥയിലുള്ളതുമാണെന്നും പുതിയ കെട്ടിടം നിർമ്മിക്കാൻ ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യവും കെട്ടിടത്തിന്റെ ജീർണാവസ്ഥ മൂലം അംഗനവാടി പ്രവർത്തനം തടസ്സപ്പെടുന്ന സാഹചര്യവും കഴിയും വേഗം പരിഹരിക്കേണ്ടതുണ്ടെന്നും പഞ്ചായത്ത് ഭരണ സമിതി യോഗം വിലയിരുത്തുകയുണ്ടായി. പഴയ അംഗനവാടി കെട്ടിടത്തിനും 7 സെന്റ് സ്ഥലത്തിനും പകരമായി 11 സെന്റ് സ്ഥലവും ടി സ്ഥലത്ത് അംഗനവാടിക്കായി പണിത പുതിയ കെട്ടിടവും പഞ്ചായത്തിന് വിട്ടു നൽകാൻ തയ്യാറാണെന്ന് ലിറ്റിൽ ഫ്ലവർ ചർച്ച് വികാരി അറിയിച്ചതിനെ തുടർന്ന് ടി സ്ഥലവും കെട്ടിടവും പഞ്ചായത്തിന് രജിസ്റ്റർ ചെയ്തു കിട്ടുന്നത് വാങ്ങുവാനും രജിസ്റ്റർ ചെയ്തു കിട്ടുന്ന മുറയ്ക്ക് ഇപ്പോഴത്തെ കെട്ടിടവും സ്ഥലവും പള്ളിക്ക് വിട്ടു കൊടുക്കാനും പഞ്ചായത്ത് ഭരണ സമിതി ഐകകണ്ഠ്യേന

തീരുമാനിക്കുകയും അനുമതിയ്ക്കായി പഞ്ചായത്ത് യോഗത്തിന്റെ തീരുമാനം പരാമർശം (2) പ്രകാരം കൂടരഞ്ഞി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് കൂടരഞ്ഞി ഗ്രാമപഞ്ചായത്തിലെ 9-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന 63-ാം നമ്പർ അംഗനവാടി കെട്ടിടവും 7 സെന്റ് സ്ഥലവും പുഷ്പഗിരി ലിറ്റിൽ ഫ്ലവർ ചർച്ചിന് വിട്ടു കൊടുത്ത് പകരമായി പുഷ്പഗിരി ലിറ്റിൽ ഫ്ലവർ ചർച്ചിന്റെ പുതിയ കെട്ടിടവും 11 സെന്റ് സ്ഥലവും 2005 - ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയ്ക്കലും) ചട്ടങ്ങൾക്കും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിനും ബന്ധപ്പെട്ട ചട്ടങ്ങൾക്കും വിധേയമായി ഏറ്റെടുക്കുന്നതിന് കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

**സബിത എസ്. ഡി.**

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്,എൽ.ബി.എ & എ &ഇ ), തിരുവനന്തപുരം
ചെയർപേഴ്സൺ, അംഗനവാടി മോണിറ്ററിംഗ് & സപ്പോർട്ടിംഗ് കമ്മിറ്റി, കൂടരഞ്ഞി, കോഴിക്കോട്
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
റവന്യൂ വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ